Rama Varmha Tampuran.— (a) (1) Mr. N Rajagopalachari.

1. In charge for 18 days from 4th Karkadagam 1096.
2. Acting from 1st Medam 1097 to 18th Mithunam 1097.
3. In charge for 15 days from 9th Mithunam 1100.

(2) Mr M. D. Narayana Ayyar.

In charge from 7th Chingam 1105 to 22nd Chingam 1105.

Acting for 2 1/2 months from 21st Kanni 1105.

(b) No.

For reasons which cannot be divulged now.

Arappu Thodu

130. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) അറപ്പുതോടിന്റെ പണി ഡ്രെഡ്ജർ (Dredger) കൊണ്ടു എത്ര കാലം നടത്തിയെന്നും അതിലേക്കു എത്ര ചിലവുവേണ്ടിവന്നു എന്നും പണി എത്രത്തോളം നടത്തിയെന്നും വിശദമായ കണക്കു് അറിയിക്കുമൊ;

(b) പ്രസ്തുത പണിക്കു തയ്യാറാക്കിയിരുന്ന എസ്റ്റിമേറിൽ (estimate) യൂണിറ്റിന്റെ (units) എത്ര ഉറപ്പിച്ചകയാണു് വകകൊണ്ടിരുന്നതെന്നു പറയാമോ;

(c) ആ എസ്റ്റിമേറുപ്രകാരം ഇപ്പോൾ ഗവർമ്മെണ്ടിനു എത്ര നഷ്ടം നേരിട്ടിട്ടുണ്ടെന്നും സദയം അറിയിക്കുമൊ;

(d) ഈ പണിയുടെ ആവശ്യം പ്രമാണിച്ചു സ്റ്റീംജറിലേക്കു ആദ്യം വിറക ശേഖരിച്ചു കൊടുത്തിരുന്നതു് ആരാണെന്നും അയാൾ എത്ര തുക്കം വിറകുകൊടുത്തു എന്നും അയാൾക്കു ഈ വകക്കായി ഗവർമ്മേണ്ടു കൊടുത്ത തുക എന്താണെന്നും അയാളോടു വിറകുതുക്കം എടുത്തതു് ആരാണെന്നും പറയാമൊ;

(e) പ്രസ്തുത കൺട്രാക്ടർ ഏതു നാട്ടുകാരനാണെന്നും അയാളും സ്പെഷ്യൽ വാട്ടർ വർക്സ ഓവർസിയരും തമ്മിലുള്ള ബന്ധം എന്താണെന്നും പറയാമൊ;

(f) തിരുവിതാങ്കൂർകാരനു് വിറക കൺട്രാക്ട കൊടുത്തതിനെപ്പറ്റി വല്ല ഹരജികളും ഗവർമ്മേണ്ടിനു കിട്ടീട്ടുണ്ടൊ;

(g) സ്പെഷ്യൽ വാട്ടർവർക്സ ഓവർസിയർ എത്രപ്രാവശ്യം അറപ്പുതോടുപണി പരിശോധിച്ചിട്ടുണ്ടെന്നും ബത്ത (T. A.) എത്ര വാങ്ങീട്ടുണ്ടെന്നും ഗവർമ്മേണ്ടു ടഗ്ഗിൽ (Rama Varma Tug) എത്രതവണ അഴീക്കോട്ടു വന്നിട്ടുണ്ടെന്നും പറയാമൊ?

മിസ്റ്റർ എം. ഡി. നാരായണയ്യർ.—(a) ഡ്രെഡ്ജർ ഉപയോഗിച്ചു പണി ചെയ്തു. ആയിലേക്കു വേണ്ടിവന്ന ചിലവായിട്ടുണ്ടു്. 1100 ഏപ്രിൽ മുതൽ പണി തോട്ടതാഴ്ത്തീട്ടുണ്ടു്.

(b) യൂണിറ്റിനു കണക്കു വിവരം.

(c) പണി കലാശിച്ചിട്ടില്ല. അതിൽ ലാഭമൊ നഷ്ടമൊ ഉണ്ടായിട്ടുള്ളതു് എന്നു് അറിയുവാൻ പണി അവസാനിച്ചു് അള

LIBRARY ARCHIVES Kerala Legislative Assembly

വു എടുത്തതിനുശേഷം മാത്രമെ നവുത്തിയുള്ളു.

(d) പണി അടിയന്തരമായി തുടങ്ങേണ്ട വന്നതിനാൽ ഡ്രൈഡ്ജർ സ്ഥലത്തെത്തിയഉടനെ വിറകു പെട്ടെന്നു കിട്ടുവാൻ തരമുള്ള ടിക്കൽ നിന്നും വാങ്ങുകയാണു ചെയ്തതു്. ഇതിലേക്കു ചിലവായ ഉരുപ്പിക നമ്പർ 1—0 മാത്രം. വിറകു മേടിച്ചതു് ചീഫ് ഡ്രൈവറാണു്.

(e) കണ്ടാക്ടർ ഇല്ലെന്നു പറഞ്ഞസ്ഥിതിക്കു് ചോദ്യത്തിനുത്തരമാവശ്യമില്ല.

(f) ഉവ്വു്. അതു അടിസ്ഥാനരഹിതമായിട്ടുള്ളതാണു്.

(g) ഫിറ്റർ കക്കടകത്തിൽ ഒരു പ്രാവശ്യവും, ഫിറ്റർ ചിങ്ങത്തിൽ രണ്ടു പ്രാവശ്യവും, കന്നിയിൽ രണ്ടു പ്രാവശ്യവും പരിശോധിച്ചിട്ടുണ്ടു്. ബത്ത വാങ്ങിയ്ക്ക. വർ—വു—0 ആണു്. മെക്കാനിക്കൽ അസിസ്റ്റാണ്ടിനോടുകൂടി ഒരു പ്രാവശ്യവും ടഗ്ഗിൽ പോയിട്ടുണ്ടു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—സി. കുറെ പണി നടന്നുകഴിഞ്ഞു. ഇന്ന സംഖ്യചിലവായി എന്നും കണക്കുകിട്ടി. എസ്റ്റിമേറു് പ്രകാരം ഇന്നസംഖ്യ ചിലവു് ചെയ്യാമെന്നുവെച്ചിട്ടുള്ളപ്പോൾ അതുകൊണ്ടുമൊ ലാഭമൊ എന്നറിയാമല്ലൊ. അതാണല്ലൊ ഗുണം.

മിസ്റ്റർ എം. ഡി. നാരായണയ്യർ.—സക്കാരിൽ നിന്നു നടത്തിയാൽ നഷ്ടമാകില്ലെന്നാണു് വിശ്വാസം. ഒരു പണിക്കു സാമഗ്രികം അധികംശേഖരിക്കേണ്ടിവരും. അവയിൽ വിറകു മുതലായവ ബാക്കി വന്നേക്കും. അതു കൊണ്ടു ഇത്രവരെ ചിലവായിട്ടുള്ള സംഖ്യക്കുമുഴുവൻ പണി കിട്ടിയിട്ടില്ല. അതുകഴിഞ്ഞാലെ പറയാൻ തരമുള്ളു. കരാറായി ഒരു കണ്ടാക്ടർ ചെയ്യുന്നതിനെക്കാൾ ഗവർമ്മേണ്ടു ചെയ്യുന്നപണി നന്നായിരിക്കും.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഡി. ഇതിനു തരിയായ ഉത്തരം പറഞ്ഞിട്ടില്ല.

മിസ്റ്റർ എം. ഡി. നാരായണയ്യർ.—പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ആരോടാണു വാങ്ങിയ്തു?

മിസ്റ്റർ എം. ഡി. നാരായണയ്യർ.—പലയാളുകളോടും വാങ്ങിയിട്ടുണ്ടു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ആരോടാണു്?

മിസ്റ്റർ എം. ഡി. നാരായണയ്യർ.—ഒന്നൊ രണ്ടൊ ആളായാൽ പറയാം. പലരുമാകയാൽ ഞരുക്കമാണു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അപ്പോൾ നമ്മുടെക്കുള്ള വിറകു പലരോടും മേടിച്ചു അല്ലേ?

പ്രസിഡെണ്ടു.—ഇതുപലരോടും മേടിച്ചിട്ടുണ്ടൊ?

മിസ്റ്റർ എ. ഡി. നാരായണയ്യർ.—പലരോടും.

പ്രസിഡെണ്ടു.—ചില്ലറയായിട്ടാണു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—തുക്കമെടുത്തിട്ടുണ്ടോ?

പ്രസിഡെണ്ടു.—മിസ്റ്റർ നാരായണയ്യർ, ഇതെങ്ങിനെ ചെയ്തു, കമ്മത്തിയായിട്ടോ തുക്കമെടുത്തിട്ടോ?

മിസ്റ്റർ എം. ഡി. നാരായണയ്യർ.—രണ്ടുമുണ്ടു്.

പ്രസിഡെണ്ടു്.—ചിലരുടെ നിരക്കുണ്ടല്ലൊ. അതിനു കമ്മത്തി വേണൊ?

മിസ്റ്റർ എം. ഡി. നാരായണയ്യർ.—ചിലരുടെയൊഴിച്ചു മറെറല്ലാം കമ്മത്തി.

പ്രസിഡെണ്ടു.—നിരക്കിനെപ്പററിയായിരിക്കും പറയുന്നതു്. അവിടെ എന്താ? ഇവിടെ ഫ. കു. ർ ണ. യൊക്കെയുണ്ടു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അവിടെയും ഫ. കു. ർണ. ഒക്കെയുണ്ടു്.

എഫ്. അവിടെ പറഞ്ഞിട്ടുള്ള അക്ഷേപങ്ങൾ എന്തെല്ലാമാണു്.

മിസ്റ്റർ എം. ഡി. നാരായണയ്യർ.—കണ്ടാക്ടർ തിരുവതാംകൂറുകാരനാണു്, പ്രാപ്പാളിയുടെ ചാച്ചുക്കാരനാണു, എന്തെല്ലാമാണു?

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—പണിനടത്തുന്നതു ആഴിക്കൽ തിരുവിതാംകൂറിൽ നിന്നാണു വാങ്ങുന്നതു.

മിസ്റ്റർ എം. ഡി. നാരായണയ്യർ.—അല്ല, പള്ളിപ്പുറം.

പ്രസിഡെണ്ടു.—അക്കരയും ഇക്കരയും.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—വലിയപുഴ കടക്കണം അത്രയെ ഉള്ളു.

പ്രസിഡെണ്ടു.—അവിടെ ആളില്ലെ?

മിസ്റ്റർ എം. ഡി. നാരായണയ്യർ.—ഇപ്പോൾ അവിടന്നു തന്നെയാണു.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഗവർമ്മെണ്ടു ടഗ്ഗിൽ ഓവർസിയർ ഒരു പ്രാവശ്യം മാത്രമെ പോയിട്ടുള്ളു എന്നു പറഞ്ഞിട്ടുള്ളതു ശരിയാണൊ?

Mr. M.D.Narayana Ayyar.—I have asked the Mechanical Assistant. He said that the overseer travelled only once.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഞാൻതന്നെ ഒന്നിലധികം പ്രാവശ്യം കണ്ടിട്ടുണ്ടു്.

Vaipukara road.

131. Mr. M. A. Chakko.—Will the Government be pleased to state:—

(1) what is the length of the main central road that traverses the Vaipukara starting from the British boundary at Azhikkal on the south and extending to the Travancore boundary at Munampam on the north and what is its uniform breadth;

LIBRARY ARCHIVES Kerala Legislative Assembly